കാറ്റഗറി നമ്പർ – 210/2016 DE III 1738/16/EW

അസാധാരണ ഗസറ്റ് തീയതി : 09.08.2016

അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി : 31.08.2016

പരസ്യ നമ്പർ :

# ലഘുവിജ്ഞാപനം

## യോഗ്യതാ നിർണ്ണയ പരീക്ഷ

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ പെറ്റി കോൺട്രാക്ട് വർക്ക്മെൻ ആയി ജോലി ചെയ്തവർക്കായി നടത്താൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതാ നിർണ്ണയ പരീക്ഷക്ക്, 15.12.2004 ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും, തുടർന്ന് ബഹു:ഹൈക്കോടതി, ബഹു:സുപ്രീംകോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ചും, തിരുവനന്തപുരം ലേബർ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും മാത്രം, ഓൺലൈനായി അപേക്ഷകൾ ക്ഷണിച്ചു കൊള്ളുന്നു.** കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in ലൂടെ One Time Registration (OTR) പൂർത്തിയാക്കിയ ശേഷം പ്രസ്തുത രജിസ്ട്രേഷനിലൂടെ (പ്രൊഫൈലിലൂടെ) മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഒരു കാരണവശാലും ഒന്നിലധികം രജിസ്ട്രേഷൻ ചെയ്യുവാൻ പാടുള്ളതല്ല. ഓൺലൈൻ വഴി അല്ലാതെയുള്ള അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(Common Judgement of the Hon'ble High Court dt 23.03.16, in WP(C) Nos. 14909, 27481, 30800, 31144, 32266, 34375 and 34900/14, 444, 475, 476, 980, 1269, 4904 and 38532/12)

1. യോഗ്യതകൾ. 4 – ാം സ്റ്റാൻഡേർഡ് പാസ്സായിരിക്കേണ്ടതും 10 – ാം സ്റ്റാൻഡേർഡ് പാസാകാൻ പാടില്ലാത്തതുമായിരിക്കണം.

2. ശാരീരിക ക്ഷമത.

(a) 5' 2" (157.48 സെ. മീ.) പൊക്കം ഉണ്ടായിരിക്കണം.

(b) കണ്ണടയില്ലാതെ സാധാരണ കാഴ്ച. വർണ്ണാന്ധത (Color Blindness) ഉണ്ടായിരിക്കരുത്.

(c) പുറം ജോലികൾ ചെയ്യാനുള്ള ശാരീരിക ക്ഷമത ഉണ്ടായിരിക്കണം. ശാരീരികക്ഷമത തെളിയിക്കുന്നതിനായി ചുവടെ കൊടുത്തിരിക്കുന്ന മാതൃകയിൽ ഒരു മെഡിക്കൽ സർട്ടിഫിക്കറ്റ്, അസി.സർജനിൽ കുറയാത്ത ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങി വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കേണ്ടതാണ്.

## <u>Form of Medical Certificate</u>

I have this day medically examined Shri. (Name and Address) ………… ………………………………………………………………………………… ………………………………………………………………………. and found that he has no disease or infirmity which would render him unsuitable for Government/K.S.E.B. Service.

1. Height.
2. Vision.
   (Also indicate whether free from colour blindness, or not)

3. He is physically ………………. for outdoor work (Please not whether fit or unfit).

Signature :

Place :
Date :

Name and Address of the
Medical Officer.

(Office Seal)

PHYSICAL STANDARD REQUIRED

1. Height : 5' 2" (157.48 cms).
2. Vision : Without glasses. Normal (free from colour blindness).
3. Must be physically fit for outdoor work.

Note : Certificate should be one issued by a Medical Officer not below the rank of an Assistant Surgeon.

നോട്ട് : കെ.എസ്.ഇ.ബി. യിലെ പെറ്റി കോൺട്രാക്റ്റ് വർക്കേഴ്സ് ആയി ജോലി നോക്കി വന്നിരുന്നതും 15.12.2004 ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും തുടർന്ന് ബഹു:ഹൈക്കോടതി, ബഹു: സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ചും തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണർ തയ്യാറാക്കിയിട്ടുള്ള അന്തിമലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ മാത്രമേ അപേക്ഷ സമർപ്പിക്കാൻ പാടുള്ളൂ. അല്ലാത്തപക്ഷം അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

3. പ്രായപരിധി - ബാധകമല്ല (ഈ വിജ്ഞാപനത്തിലെ പൊതുനിർദ്ദേശങ്ങളിൽ ക്രമനമ്പർ 9 ലെ വ്യവസ്ഥകൾക്ക് വിധേയം).

4. പരീക്ഷ - ടി തസ്തികയ്ക്ക് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയിൽ ഒ.എം.ആർ. പരീക്ഷ, ഒരു മണിക്കൂർ 15 മിനിട്ട് ദൈർഘ്യവും പരമാവധി 100 മാർക്കുമുള്ള പരീക്ഷയാണ് നടത്തുന്നത്.

5. അപേക്ഷാ ഫീസ്. ടി പരീക്ഷയ്ക്ക് അപേക്ഷാ ഫീസ് ഇല്ല.

6. അപേക്ഷ അയയ്ക്കുന്ന രീതി അപേക്ഷകർ ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിൽ രജിസ്റ്റർ ചെയ്തശേഷം തങ്ങളുടെ പ്രൊഫൈലിലൂടെ ഓൺലൈനായി മാത്രം അപേക്ഷ അയയ്ക്കേണ്ടതാണ്. വിശദവിവരങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും ഗസറ്റുവിജ്ഞാപനത്തിലെ പൊതുനിർദ്ദേശങ്ങൾ കാണുക.

കുറിപ്പ്

1. വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

2. യോഗ്യതാ നിർണ്ണയ പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിച്ച ഉദ്യോഗാത്ഥികൾ തങ്ങൾ തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണർ തയ്യാറാക്കിയ അന്തിമസീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരാണെന്നും, അവർ 15.12.2004 നു മുൻപ് മിനിമം 1200 ദിവസം പെറ്റി കോൺട്രാക്ട് വർക്കേഴ്സ് ആയി ജോലി നോക്കിയിട്ടുണ്ടെന്നും, ആഫീസ് വകുപ്പ് മേധാവിയുടെ സാക്ഷ്യപത്രം കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് നേരിട്ട് ഹാജരാക്കേണ്ടതാണ്. സാക്ഷ്യപത്രത്തിന്റെ മാതൃക **Annexure A** ചേർത്തിട്ടുണ്ട്.

അപേക്ഷ സ്വീകരിക്കുന്ന അവസാനതീയതി : 31/08/2016 അർദ്ധരാത്രി 12 മണി.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

………………………………………………………………………………..

## Annexure A

### സാക്ഷ്യപത്രം

കേരള ഇലക്ട്രിസിറ്റി ബോർഡിൽ …………………………………….. ……………………………………….. (ജീവനക്കാരന്റെ പേരും മേൽവിലാസവും ………………………………………………… ഓഫീസിൽ ……………………………………………… കോൺട്രാക്ടറുടെ കീഴിൽ 15.12.2004 വരെ ……… ദിവസം പെറ്റി കോൺട്രാക്ട് വർക്കർ ആയി ജോലി നോക്കി വന്നിരുന്നതാണെന്നും. ടിയാൾ 15.12.2004 ൽ പാലക്കാട് ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും, തുടർന്ന് ബഹു: ഹൈക്കോടതി, ബഹു:സുപ്രീം കോടതി എന്നിവിടങ്ങളിൽ നിന്നുള്ള ഉത്തരവുകൾ അനുസരിച്ച് തിരുവനന്തപുരം അഡീഷണൽ ലേബർ കമ്മീഷണർ തയാറാക്കിയിട്ടുള്ള അന്തിമ സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളയാളാണെന്നും, ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ് :

സ്ഥലം : ആഫീസ് മേലധികാരിയുടെ പേര്:
തീയതി : ഉദ്യോഗപ്പേര്;

ഓഫീസ് മുദ്ര.